## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 24 10.12.2012- ൽ മറുപടിക്ക്**

## ജലമാർഗ്ഗമുള്ള ചരക്കു നീക്കം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ജലമാർഗ്ഗമുള്ള ചരക്കുനീക്കം യാഥാർത്ഥ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ മൈനർ തുറമുഖങ്ങളെയും ഉൾനാടൻ ജലഗതാഗതത്തെയും ബന്ധപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മെസ്സേഴ്സ് ഡിലോയിറ്റ് എന്ന സ്ഥാപനത്തിനെ കൺസൾട്ടന്റായി നിയമിക്കുകയും ടി സ്ഥാപനം സമർപ്പിച്ചിട്ടുള്ള ആക്ഷൻ പ്ലാൻ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരദേശ കപ്പൽ ഗതാഗതം നടപ്പിലാക്കുന്നതിനായി ബിസിനസ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) തീരദേശ കപ്പൽ ഗതാഗതത്തിലൂടെ 2015-ഓടെ 15%ഉം 2020-ഓടെ 40% ഉം, 2030-ഓടെ 50% ഉം ചരക്കുകൾ റോഡ്/റെയിൽ മാർഗ്ഗങ്ങളിൽ നിന്നും ജലമാർഗ്ഗം തിരിച്ചു വിടുക എന്നുള്ളതാണ് |

ഉദ്ദേശിക്കുന്നത് .
ആയതിലൂടെ റോഡ്/റെയിൽ മാർഗ്ഗമുള്ള തിരക്കുകളും, ഗതാഗത ചെലവുകളും കുറയ്ക്കുക, പരിസര മലിനീകരണം കുറയ്ക്കുക റോഡിലെ തിരക്കുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യങ്ങൾ.

(സി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ തുറമുഖങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയിലൂടെ കേരളത്തിന്റെ തീരത്തുള്ള മൈനർ തുറമുഖങ്ങൾ കപ്പൽ ഗതാഗതം വഴി പരസ്പരം ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇതു സംബന്ധിച്ചുള്ള സാം പിത്രോഡയുടെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ഉണ്ട്. ശ്രീ. സാം പിത്രോഡയുടെ നിർദ്ദേശം പരിശോധിക്കുന്നതിനായി ന്യൂഡൽഹിയിലുള്ള ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫോറിൻ ട്രേഡിന്റെ ഡയറക്ടർ ചെയർമാനായും, ഷിപ്പിംഗ് കോർപ്പറേഷന്റെ ചെയർമാൻ, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം പ്രതിനിധി, കേരള തുറമുഖ ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുറമുഖ വകുപ്പ് ഡയറക്ടർക്ക് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ സബ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ടി വിഷയം ചർച്ച ചെയ്യുകയും ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ മൈനർ തുറമുഖങ്ങളെയും ഉൾനാടൻ ജലഗതാഗതത്തെയും

പരസ്പരം ബന്ധപ്പെടുത്തി
തീരദേശ കപ്പൽ ഗതാഗതം
നടപ്പിലാക്കുന്നതിനുള്ള
നടപടികൾ
അതിപ്രാധാന്യത്തോടെ
സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ